പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1385 11-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**എ)** കാർഷിക കടാശ്വാസ കമ്മീഷൻ എന്നു മുതലാണ് നിലവിൽ വന്നത് എന്നും ഓരോ വർഷവും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചെലവാക്കുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ;

**(എ)** 19/03/2007-ലെ എസ്. ആർ.ഒ നം. 247/2007 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ പ്രവർത്തനങ്ങൾക്കു ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ചെലവാക്കിയ തുക |
|---|---|---|
| 1 | 2007-08 | 47,56,586/- |
| 2 | 2008-09 | 56,97,278/- |
| 3 | 2009-10 | 71,97,351/- |
| 4 | 2010-11 | 74,90,415/- |
| 5 | 2011-12 | 88,47,212/- |
| 6 | 2012-13 | 1,06,78,872/- |
| 7 | 2013-14 | 1,45,92,680/- |
| 8 | 2014-15 | 1,46,86,333/- |
| 9 | 2015-16 | 1,61,54,957/- |
| 10 | 2016-17 | 1,90,53,042/- |

**(ബി)** നിലവിൽ വന്നതു മുതൽ ഓരോ വർഷവും കമ്മീഷൻ മുമ്പാകെ എത്തിയ

**(ബി)** കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയ്യതിയായ 31/05/2009 വരെ ലഭിച്ച

പരാതികൾ എത്ര എന്നും എത്രം എണ്ണം അതാതുവർഷങ്ങളിൽ തീർപ്പാക്കി എന്നും വ്യക്തമാക്കുമോ;

അപേക്ഷകളുടെ എണ്ണം 411782 ആയിരുന്നു. വയനാട് ജില്ലയിൽ 31/10/2011-നു മുമ്പ് എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കാൻ തീരുമാനിച്ചതിനെതുടർന്ന് 21750 അപേക്ഷകൾ ലഭിക്കുകയുണ്ടായി. തുടർന്ന് 31/10/2015 വരെ കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷ സ്വീകരിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 43666 അപേക്ഷകൾ ഉൾപ്പെടെ ആകെ 477198 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയുണ്ടായി. വർഷം തിരിച്ച് അല്ല കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് വരുത്തി പരിശോധിച്ച് വിചാരണയ്ക്ക് വയ്ക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ അതാത് വർഷം ലഭിക്കുന്ന അപേക്ഷകൾ അതാതു വർഷം തന്നെ തീർപ്പാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ അപ്രകാരം ഒരു കണക്ക് ലഭ്യമല്ല.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പാക്കി; മുൻസർക്കാർ കാലയളവിലെ (2015 ഒക്ടോബർ 31 കണക്കാക്കി) അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

**(സി)** അപേക്ഷകൾ സ്വീകരിക്കുവാനുള്ള അവസാന തിയ്യതി 31/10/2015 ആയിരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അപേക്ഷകൾ സ്വീകരിക്കാൻ അധികാരപ്പെടുത്തിയിട്ടില്ല. മുൻ സർക്കാരിന്റെ കാലയളവിൽ 65476 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിരുന്നു. ഇതിൽ 30431 അപേക്ഷകൾ തീർപ്പാക്കാനായി കമ്മീഷനിൽ ബാക്കിയുണ്ട്.

**(ഡി)** കടാശ്വാസ കമ്മീഷൻ നിലവിൽ വന്നശേഷം ഓരോ വർഷവും എത്ര തുക കാർഷിക കടാശ്വാസമായി നല്കിയെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**(ഡി)** ഓരോ വർഷവും കടാശ്വാസത്തിനായി നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2007-08 | - |
| 2008-09 | 22,17,22,598/- |
| 2009-10 | 16,00,21,997/- |
| 2010-11 | 24,28,07,780/- |
| 2011-12 | 22,17,10,414/- |
| 2012-13 | 21,74,00,000/- |

| | |
|---|---|
| 2013-14 | 15,00,00,000/- |
| 2014-15 | 20,00,00,000/- |
| 2015-16 | 20,00,00,000/- |
| 2016-17 | 20,00,00,000/- |
| **ആകെ** | **181,36,62,789/-** |

**സെക്ഷൻ ഓഫീസർ**